**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **11-09-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ റീസർവ്വേയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു. |
| (ബി) | ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം റീസർവ്വേ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; അറിയിക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വെയുടെ ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിലായി 131373 ഹെക്ടർ ഭൂമി സർവ്വെ നിർവ്വഹിച്ചിട്ടുള്ളതാണ്. |
| (സി) | കണ്ണൂർ ജില്ലയിൽ ഇതുവരെയായി എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; | (സി) | സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വെയുടെ ഒന്നാംഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ 14 വില്ലേജുകളുടെ സർവ്വെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ മാതൃകാ വില്ലേജായി തെരഞ്ഞെടുത്ത അഴീക്കോട് സൗത്ത് വില്ലേജിന്റെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വെ പ്രകാരം 12,657.1856 ഹെക്ടർ (05.08.2023 വരെ) ഭൂമി സർവ്വെ നിർവ്വഹിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | കണ്ണൂർ ജില്ലയിൽ അടുത്ത ഘട്ടത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട്, അഴീക്കോട് നോർത്ത്, ചിറക്കൽ, പാപ്പിനിശ്ശേരി, കല്യാശ്ശേരി, വലിയന്നൂർ, ധർമ്മടം, കീഴല്ലൂർ, എരഞ്ഞോളി, കേളകം, കീഴൂർ, ചുഴലി, തളിപ്പറമ്പ്, പെരളം എന്നീ വില്ലേജുകളിലാണ് സർവ്വെ നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ